# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 150

06.03.2018 - ൽ മറുപടിക്ക്

## കുടുംബശ്രീയുടെ ശാക്തീകരണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. റ്റി. വി. രാജേഷ്<br>ശ്രീമതി. യു. പ്രതിഭ ഹരി<br>ശ്രീ.സി. കെ. ഹരീന്ദ്രൻ<br>ശ്രീ.പി. ടി. എ. റഹീം | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കുടുംബശ്രീ സംവിധാനം ശാക്തീകരിക്കാനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി പാർശ്വവൽകൃതർ, അരക്ഷിത സമൂഹങ്ങളിൽ ഉൾപ്പെട്ടവർ എന്നിവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. തീരദേശ പഞ്ചായത്തുകളിൽ തീരദേശ വാർഡുകളിലെ കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 81 തീരദേശ വോളണ്ടിയർമാരെ നിയമിക്കുകയും ഇവരുടെ നേതൃത്വത്തിൽ ഈ മേഖലയിൽ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിനായി വിപുലമായ പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നു. അയൽക്കൂട്ടങ്ങൾക്ക് സ്വയം വിലയിരുത്തുന്നതിനും അയൽക്കൂട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി 'ദിശ 2017' എന്ന വിപുലമായ ക്യാമ്പെയിൻ സംഘടിപ്പിക്കുകയുണ്ടായി. സി.ഡി.എസ്. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സബ് കമ്മിറ്റി കൺവീനർമാർ, എ.ഡി.എസ്. ചെയർപേഴ്സൺ, സെക്രട്ടറി എന്നീ സി.ഡി.എസ്സ്, എ.ഡി.എസ്സ്. ഭാരവാഹികൾക്ക് സംഘടനാ സംവിധാന ശാക്തീകരണത്തിനുള്ള പരിശീലനങ്ങൾ സംഘടിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള പദ്ധതി സംയോജനം ശക്തിപ്പെടുത്തിയതിലൂടെ 28.4 കോടി രൂപ അധികമായി കുടുംബശ്രീ അംഗങ്ങളുടെ ഉന്നമനത്തിനായി ലഭിച്ചു. കുടുംബശ്രീ സംഘടനാ സംവിധാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തി കൂടുതൽ |

| | | | |
|---|---|---|---|
| | | | സംയോജന പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ പിന്തുണ നൽകുന്നതിനായി സമന്വയം - 2017 എന്ന പേരിൽ പരിശീലന പരിപാടി നടപ്പിലാക്കി. കുടുംബശ്രീ സ്കൂളിന്റെ ഭാഗമായി 43 ലക്ഷം അംഗങ്ങൾ പങ്കെടുത്ത അനൗപചാരിക വിദ്യാഭ്യാസ പരിപാടി സംഘടിപ്പിച്ചു. |
| (ബി) | കുടുംബശ്രീയുടെ പ്രവർത്തനം കേരളത്തിലെ സ്ത്രീകളുടെ സാമൂഹ്യവികസനത്തിന് ഏറെ ഗുണം ചെയ്യുന്ന പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അയൽക്കൂട്ടങ്ങൾ പരമാവധി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | 2018-19 സാമ്പത്തിക വർഷം അയൽക്കൂട്ട വർഷമായി ആചരിക്കുന്നതിന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു. |
| (സി) | സ്ത്രീകളെ, പ്രത്യേകിച്ച് ദുർബല വിഭാഗത്തിൽപ്പെട്ടവരെ സാമ്പത്തികമായും സാമൂഹികമായും ശാക്തീകരിക്കുന്നതിനായി പുതുതായി പ്രഖ്യാപിച്ച ഇരുപതിന പരിപാടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സ) | കുടുംബശ്രീയുടെ 20-ാം വാർഷികം 2018 മെയ് മാസത്തിൽ ആചരിക്കുകയാണ്. ഇതിന്റെ ഭാഗമായി 20 പുതിയ പദ്ധതികൾ ബഹു. ധനകാര്യ വകുപ്പ് മന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സംഘടനാ ശാക്തീകരണം, സാമ്പത്തിക ശാക്തീകരണം, സ്ത്രീ ശാക്തീകരണം, സാമൂഹിക ശാക്തീകരണം തുടങ്ങിയ മേഖലകളിലെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഈ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനും ശാക്തീകരണത്തിനുമായി സർക്കാർ പ്രഖ്യാപിച്ച 20 ഇന പരിപാടികൾ.

1) 2018-19 അയൽക്കൂട്ട വർഷം- മൈക്രോ ഫിനാൻസ് സമ്മിറ്റ്
2) ആയിരം ഇറച്ചിക്കോഴി യൂണിറ്റുകൾ
3) അഞ്ഞൂറു ചകിരി മില്ലുകൾ
4) സൂക്ഷ്മ സംരംഭ പാർക്കുകൾ
5) സ്റ്റാർട്ട് അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പദ്ധതി
6) നാനോ മാർക്കറ്റുകൾ
7) വിപണനത്തിന് ഓൺലൈൻ പോർട്ടൽ
8) സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് ടെക്നോളജി ഹബ്ബ്
9) കെ.എസ്.എഫ്.ഇ.-യുമായി ചേർന്ന് കുടുംബശ്രീ ചിട്ടി
10) ജില്ലാ വനിതാ ലീഗൽ ക്ലിനിക്കുകൾ
11) ജില്ലാ കുടുംബശ്രീ പരിശീലന കേന്ദ്രങ്ങൾ
12) ആഗ്രോ സർവ്വീസ് ടീമുകൾ
13) കിണർ റീ ചാർജ്ജിംഗിനായുള്ള സുജലം പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും
14) ആലപ്പുഴ മാതൃകയിൽ പട്ടിക വർഗ്ഗ സൂക്ഷ്മ പദ്ധതി മറ്റു ജില്ലകളിലേയ്ക്ക്
15) ഇരുന്നൂറ് പുതിയ ബഡ്സ് സ്കൂളുകൾ
16) ആയിരം ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ
17) അരക്ഷിത സമൂഹങ്ങൾക്കുള്ള പ്രത്യേക ഉപജീവന പദ്ധതി- പ്രത്യാശ
18) റിക്കവറി നേരിടുന്ന സംരംഭങ്ങൾക്ക് കടാശ്വാസം
19) കുടുംബശ്രീ അനുഭവത്തെക്കുറിച്ച് 20 ഓർമ്മ പുസ്തകങ്ങൾ
20) 14 മാതൃകാ സ്ത്രീ സൗഹൃദ ഗ്രാമങ്ങൾ

SO